കേരള സർക്കാർ

തദ്ദേശ സ്വയംഭരണ (ഇഎം) വകുപ്പ്

നം: 46683/ഇഎം2/10/തസ്വഭവ തിരുവനന്തപുരം, തീയതി: 22/11/2010.

<u>സർക്കുലർ</u>

വിഷയം:- തദ്ദേശ സ്വയംഭരണ വകുപ്പ് - നഗരസഭകളിൽ രൂപീകരിച്ച ദുരിതാശ്വാസ നിധിയിൽ നിന്ന് സഹായധനം നൽകുന്നത് - സംബന്ധിച്ച്.

സൂചന:- 1) സ.ഉ(പി) 92/2003/തസ്വഭവ തീയതി, 18/03/2003.
2) കാഞ്ഞങ്ങാട് നഗരസഭാ സെക്രട്ടറിയുടെ 20/05/2010 -ലെ സി-5672/10 നമ്പർ കത്ത്

സംസ്ഥാനത്തെ പല നഗരസഭകളിൽ നിന്നും പ്രസ്തുത നഗരസഭാ പ്രദേശത്ത് താമസിക്കുന്ന വ്യക്തികൾക്ക് ചികിത്സക്കും മറ്റും ധനസഹായം തനത് ഫണ്ടിൽ നിന്നും അനുവദിക്കുന്നതിന് അനുമതി ആവശ്യപ്പെട്ടുകൊണ്ട് സർക്കാരിനെ സമീപിക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ആയതിനാൽ ഇക്കാര്യത്തിൽ താഴെപറയുന്ന സ്പഷ്ടീകരണം നൽകുന്നു:

2003-ലെ കേരള മുനിസിപ്പാലിറ്റി (ദുരിതാശ്വാസ നിധി രൂപീകരണവും വിനിയോഗവും) ചട്ടങ്ങൾ പ്രകാരം നഗരസഭകളിൽ രൂപീകരിച്ചിട്ടുള്ള ദുരിതാശ്വാസ നിധിയിൽ നിന്നും അതത് നഗരസഭാ പ്രദേശത്ത് താമസിക്കുന്ന വ്യക്തികൾക്ക്/കുടുംബങ്ങൾക്ക് (പേമാരി, വെള്ളപ്പൊക്കം, പ്രകൃതിക്ഷോഭം, അഗ്നിബാധ, കൊടുങ്കാറ്റ്, കടലാക്രമണം, അത്യാഹിതം, മാറാരോഗങ്ങൾ എന്നിവമൂലം ദുരിതം അനുഭവിക്കുന്നവർക്ക്), ചട്ടങ്ങളിലെ വ്യവസ്ഥകൾക്ക് വിധേയമായി, അടിയന്തിര സന്ദർഭങ്ങളിൽ ധനസഹായം നൽകാവുന്നതാണ്.

എസ്.എം. വിജയാനന്ദ്,
പ്രിൻസിപ്പൽ സെക്രട്ടറി.

നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം.
നഗരകാര്യ റീജിയണൽ ജോയിന്റ് ഡയറക്ടർ, കൊല്ലം/കൊച്ചി/കോഴിക്കോട്.
എല്ലാ നഗരസഭാ ചെയർമാൻമാർക്കും സെക്രട്ടറിമാർക്കും.
(നഗരകാര്യ ഡയറക്ടർ മുഖേന)
ഡയറക്ടർ, ലോക്കൽ ഫണ്ട് ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം.
എക്സിക്യൂട്ടീവ് മിഷൻ ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, പാങ്ങപ്പാറ, തിരുവനന്തപുരം. (തദ്ദേശ സ്വയംഭരണ വകുപ്പിന്റെ ഔദ്യോഗിക വെബ്സൈറ്റിൽ പ്രസിദ്ധപ്പെടുത്തുന്നതിലേക്കായി)
സ്റ്റോക്ക് ഫയൽ, ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ